MALANKARA ORTHODOX SYRIAN CHURCH

Catholicate Office, Devalokam P.O., Kottayam -04
Phone: 2578392, 2578499, 2578500, E-mail: catholicateoffice@mosc.in

മെഡിക്കൽ ഇൻഷ്വറൻസ്

03-09-2026

പ്രിയപ്പെട്ട അച്ചാ,

വൈദികർക്ക് മെഡിക്കൽ ഇൻഷുറൻസിലൂടെ ലഭ്യമാകുന്ന കവറേജുകളും വ്യവസ്ഥകളും ഇതോടൊപ്പം അയയ്ക്കുന്നു. നാഷണൽ ഇൻഷുറൻസ് കമ്പനിയുടെ പോളിസി **Medi Assist എന്ന TPA ആണ് ഈ വർഷവും സർവ്വീസ് ചെയ്യുന്നത് (Contact No: Reghunath -9846604773, Sinoj - 97473 78924, Shinin - 93217 08705).** കഴിഞ്ഞ പോളിസിയിൽ ലഭ്യമായ എല്ലാ സേവനങ്ങളും ഈ പോളിസിയിൽ തുടരുന്നതാണ്.

ഫാ.ഡോ. തോമസ് വർഗീസ് അമയിൽ (വൈദിക ട്രസ്റ്റി)	റോണി വർഗീസ് ഏബ്രഹാം (അത്മായ ട്രസ്റ്റി)	അഡ്വ. ബിജു ഉമ്മൻ (അസോസിയേഷൻ സെക്രട്ടറി)

കവറേജുകളും വ്യവസ്ഥകളും

1 **Policy Name - Malankara Orthodox Syrian Church**
Policy Number- 360700502610002296
Insurance Co - National Insurance, TPA- Medi Assist
02-09-2027വരെയാണ് പോളിസിയുടെ കാലാവധി.

2 ഇൻഷുറൻസ് തുക INR - 3,00,000/- വർഷം. വൈദികനും, ബസ്കിയോമയും, മൂന്ന് കുട്ടികളും ഇൻഷുറൻസ് പരിധിയിൽ

3 അലോപ്പതി, ആയുർവേദ ചികിത്സ കവർ ചെയ്യുന്നു.
ആയുർവേദത്തിന് പരമാവധി തുക 25,000 രൂപയാണ്. ആയുഷ് ചികിത്സാ: ആയുഷ് ചികിത്സ ഗവൺമെന്റ് ഹോസ്പിറ്റൽ അല്ലെങ്കിൽ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള കൂടാതെ / അല്ലെങ്കിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ / നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ഹെൽത്ത് അംഗീകാരമുള്ള ഏതെങ്കിലും സ്ഥാപനം

4 ആശുപത്രിയിൽ അഡ്മിറ്റായുള്ള ചികിത്സയ്ക്ക് മാത്രമാണ് പ്രയോജനം ലഭിക്കുക. മിനിമം 24 മണിക്കൂർ എങ്കിലും ഇൻപേഷ്യന്റ് ആയിരിക്കണം. എന്നാൽ തിമിര ശസ്ത്രക്രിയ, റേഡിയേഷൻ, കീമോതറാപ്പി എന്നിവയ്ക്ക് അഡ്മിഷൻ ആവശ്യമില്ല.

5 മെഡിക്കൽ ചെക്കപ്പിനായി മാത്രമുള്ള അഡ്മിഷൻ, ഒ.പി. ചികിത്സ എന്നിവയ്ക്ക് കവർ ഉണ്ടായിരിക്കുന്നതല്ല.

6 ആശുപത്രിയിൽ അഡ്മിറ്റാകുന്നതിന് 30 ദിവസം മുമ്പു വരെയും, ഡിസ്ചാർജായതിനു ശേഷം 60 ദിവസം വരെയും വരുന്ന ചികിത്സാ ചിലവുകൾ ക്ലെയിം ചെയ്യാവുന്നതാണ്.
ആശുപത്രി മുറിയ്ക്ക് പരമാവധി ദിവസ വാടക നേഴ്സിംഗ് ചാർജ് ഉൾപ്പെടെ 3000 രൂപ, ഐ.സി.യുവിന് 6000 രൂപ. **നിശ്ചിത തുകയിലധികം വാടകയുള്ള മുറിയിൽ താമസിച്ചാൽ പരമാവധി ദിവസ വാടകയ്ക്ക് ആനുപാതികമായേ വാടകയുൾപ്പടെയുള്ള മറ്റു ചിലവുകളും ലഭിക്കുകയുള്ളൂ.**

7 രോഗിയെ ആശുപത്രിയിൽ കൊണ്ടു വരുന്നതിനും തിരികെ കൊണ്ടു പോവുന്നതിനും ഉപയോഗിക്കുന്ന ആംബുലൻസിന്റെ വാടക ഇനത്തിൽ ഒരു തവണ പരമാവധി 750/- രൂപയും, പോളിസി കാലാവധിയിൽ പരമാവധി 1500 രൂപയും മാത്രമേ ലഭിക്കുകയുള്ളൂ.

8 ഡെലിവറി, തിമിര ശസ്ത്രക്രിയക്കും പരമാവധി ലഭിക്കുന്ന തുക -

* നോർമൽ ഡെലിവറിക്ക് 20,000/- രൂപയും, സിസേറിയന് 40,000/- രൂപയുമാണ് പരമാവധി. **മൂന്നാമത്തെ ഡെലിവറി , പോളിസിയിൽ രണ്ട് കുട്ടികൾ കവർ ചെയ്ത കുടുംബം പരിരക്ഷ ലഭിക്കുകയില്ല.** നവജാതശിശു കവറേജ് ഇൻഷ്വർ ചെയ്ത ഫാമിലി ഫ്ളോട്ടർ തുകയിൽ ഒന്നാം ദിവസം മുതൽ നവ ജാത ശിശുവിന് പരിരക്ഷ ലഭിക്കും 10% of Sum Issured. (പരമാവധി തുക 30,000 രൂപ).

*തിമിര ശസ്ത്രക്രിയ്ക്ക് ഒരു കണ്ണിന് പരമാവധി തുക 30,000/- രൂപയാണ്.

9 സബ് ക്യാപ്പിംഗ് മോഡേൺ ട്രീറ്റ്മെന്റ് - ഇൻഷ്വർ ചെയ്ത തുകയുടെ 25% അല്ലെങ്കിൽ സ്റ്റാൻഡേർഡ് പരിധി അനുസരിച്ച്, ഏതാണ് കുറവ്.

10 മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ നേരിട്ട് ലഭ്യമാകുന്ന ആശുപത്രികളുടെ പേരുവിവരങ്ങൾ **Medi Assist** വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.ടി ലിസ്റ്റിൽ ഉൾപ്പെട്ട ആശുപത്രികളിൽ ക്യാഷ്ലെസ് സൗകര്യം ലഭിക്കുന്നതാണ്.

11 ടി ലിസ്റ്റിൽ ഉൾപ്പെട്ട ആശുപത്രികളിൽ ചികിത്സയ്ക്കായി അഡ്മിറ്റ് ആകുമ്പോൾ ഹെൽത്ത് കാർഡ് ആശുപത്രി അധികാരികൾക്ക് നൽകുകയും, ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഇതോടപ്പം തിരിച്ചറിയൽ കാർഡ്,പാൻകാർഡ്എന്നിവയുടെ കോപ്പി, എന്നിവആശുപത്രി അധികാരികൾ നിർദ്ദേശിക്കുന്ന മുറയ്ക്ക് നല്കേണ്ടതാണ്. ക്യാഷ്ലെസ് ക്ലെയിം സംബന്ധമായി ഏതെങ്കിലും തടസ്സം നേരിട്ടാൽ ആശുപത്രി അധികാരികൾ **Medi Assist** ൽ ബന്ധപ്പടുക. **Contact No: -9986135587, 8105237005. 90725 93501** ക്യാഷ്ലെസ് ക്ലെയിം ഡിസ്ചാർജ് അയച്ചതിനു ശേഷം പ്രോസസ്സിനായി പരമാവധി 2 മുതൽ 3 മണിക്കൂർ വരെ സമയം ആവശ്യമായതിനാൽ സഹകരിക്കേണ്ടതാണ്.

12 ഹെൽത്ത് കാർഡ് എല്ലാ മെത്രാസന കേന്ദ്രങ്ങളിലേക്ക് അയ്ച്ചു നല്കുന്നതാണ്. വൈദികർ അവിടെ നിന്നും കൈപ്പറ്റേണ്ടതാണ്. E Card ആവശ്യമുള്ളവർ സഭയുടെ mosc.in വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഒരോ ഫാമിലിയുടെയും EMP Code number, Name അടിസ്ഥാനമാക്കിയാണ് E card വെബ് സൈറ്റിൽ Upload ചെയ്തിരിക്കുന്നത്. Pass word ഉള്ളതിനാൽ ഒരോ ഫാമിലിയുടെയും EMP Code number ആയിരിക്കും Pass word. (https://mosc.in/downloads/medical-insurance/)

13 കമ്പനിയുടെ പട്ടികയിൽ ഉൾപ്പെടാത്ത ആശുപത്രികളിൽ ചികിത്സ ആവശ്യമായി വന്നാൽ ക്ലെയിം ലഭിക്കുന്നതിനായി -

ഐ.ആർ.ഡി.എ യുടെ പുതിയ നിയമം അനുസരിച്ച് ഇൻഷ്വറൻസ് ക്ലെയിം റീ ഇംബേഴ്സ് ചെയ്യുന്നവർ ആശുപത്രിയിൽ അഡ്മിറ്റ് ആകുന്ന സമയത്ത് രോഗി / കൂടെയുള്ളവരോ മുൻകൂറായി രജിസ്റ്റർ ചെയ്യേണ്ടതാണ്.ആയതിന് 8104682314 അല്ലെങ്കിൽ 9846604773 എന്നീ ഏതെങ്കിലും നമ്പരുകളിൽ വിളിച്ചോ, വാട്സ് ആപ്പ് മുഖേനയോ അറിയിക്കേണ്ടതാണ്. ക്യാഷ്ലെസ് ക്ലെയിമിന് ഇതിന്റെ ആവശ്യകതയില്ല.

രേഖപ്പെടുത്തേണ്ട വിവരങ്ങൾ

പേര് (വൈദികൻ) :

പേര് (രോഗി) :

എംപ്ലോയി ഐഡി : (അറിയിന്നുവെങ്കിൽ മാത്രം)

ആശുപത്രിയുടെ പേര്, സ്ഥലം :

താഴെ പറയുന്ന രേഖകൾ നേരിട്ടു കമ്പനിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

1. ഇൻഷ്വറൻസ് കമ്പനിയുടെ ക്ലെയിംഫോം പാർട്ട് എ -പൂർണ്ണമായും പൂരിപ്പിച്ച് ഒപ്പിട്ടതായിരിക്കണം. പാർട്ട് ബി- ആശുപത്രി അധികാരികൾ പൂരിപ്പിക്കേണ്ടതും, ബന്ധപ്പെട്ട അധികാരികളുടെ ഒപ്പും, സീലും എല്ലാ രേഖകളിലും വയ്ക്കേണ്ടതുമാണ്.)
   (ക്ലെയിം ഫോം സഭയുടെ mosc.in എന്ന വെബ്സൈറ്റിൽ ലഭിക്കും)
2 ഒറിജിനൽ ഡിസ്ചാർജ്ജ് സമ്മറി
3 ആശുപത്രിയിൽ നിന്നുള്ള ഒറിജിനൽ ഫൈനൽ ബിൽ, ബ്രേയ്ക്കപ്പ് ബിൽ
4 മരുന്നുകൾ, ലാബ് ടെസ്റ്റുകൾ,സ്കാൻ, ഇ.സി.ജി, എക്സറേ ആദിയായവയുടെ ഒറിജിനൽ ബില്ലുകൾ/ രസീതുകൾ/ റിപ്പോർട്ട്/ ഫിലിം
5. രോഗിയുടെ തിരിച്ചറിയൽ കാർഡ്/പാൻകാർഡ് / എന്നിവയുടെ കോപ്പി, ക്യാൻസൽ ചെയ്ത ചെക്ക് ലീഫ്.

ഇത്തരത്തിൽ തയ്യാറാക്കുന്ന ക്ലെയിം പേപ്പറുകൾ താഴെ കാണുന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

Senior Manager
Corporate Solutions Group
Alliance Insurance Brokers Private Limited
S116, 4th Floor, Monlash Business Centre,
Crescens Tower, Changampuzha Nagar, P.O.
Metro Pillar 327, South Kalamassery.
Ernakulam - 682033,
Mobile: +91 9321263654, 98466 04773

14 വൈദികരുടെ ഭദ്രാസനതലത്തിലുള്ള മാറ്റം,മക്കളുടെ വിവാഹം, ഉദ്യോഗലബ്ധി, പോളിസിയുടെ കീഴിലുള്ള കുടുംബാംഗങ്ങളുടെ മരണം എന്നീ വിവരങ്ങൾ കാലവിളംബം ഇല്ലാതെ കാതോലിക്കേറ്റ് ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.